

# കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഐ.എസ്.ഒ. 9001 : 2015



# സുകൃതം

## സമഗ്ര വയോജന പരിപാലന പദ്ധതി

### നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.പി.ഒ



# സുകൃതം

## സമഗ്ര വയോജന പരിപാലന പദ്ധതി

വയോജന സൗഹൃദമായ ഒരവബോധം സൃഷ്ടിക്കുന്നതിനും അവരുടെ സംരക്ഷണത്തിനും പരിപാലത്തിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും ഉദ്ദേശിച്ചുള്ള ഒരു സമഗ്ര പദ്ധതിയാണ് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന *"സുകൃതം".*

കേരള സർക്കാരിന്റെ വയോജന നയത്തിന്റെ ചുവട് പിടിച്ച് വയോജനങ്ങൾക്ക് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി വാർദ്ധക്യത്തിൽ അനുഭവിക്കേണ്ടി വരുന്ന ഒറ്റപ്പെടലിൽ നിന്നും മറ്റ് സാമൂഹിക സാമ്പത്തിക മാനസിക പ്രശ്നങ്ങളിൽ നിന്നും മോചനം നേടുന്ന രീതിയിൽ ഉള്ള ദൈനം ദിന ജീവിതം കെട്ടിപ്പെടുക്കാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം



# ലക്ഷ്യങ്ങൾ

- വയോജനങ്ങളുടെ സമഗ്ര ക്ഷേമത്തിന് വയോജന ക്ലബ്ബുകൾ രൂപീകരിക്കുക.
- ഒരു വയോജന നയം രൂപീകരിക്കുക.
- ഒറ്റപ്പെടലിൽ നിന്നും, അവഗണനയിൽ നിന്നും വയോജനങ്ങളെ സഹായിക്കുക.
- അവർക്ക് ഒത്തുചേരാനും, ആശയ വിനിമയം ചെയ്യാനും സൗകര്യമൊരുക്കികൊടുക്കുക.
- ആരോഗ്യപരിപാലനത്തിന് പദ്ധതി ആവിഷ്കരിക്കുക.
- മാനസിക ഉല്ലാസത്തിനും, വിനോദത്തിനും അവസരമൊരുക്കുക.
- ഭക്ഷണവും, മരുന്നും എല്ലാ വയോജനങ്ങൾക്കും ഉറപ്പുവരുത്തുക.
- കാര്യക്ഷമമായ മാതൃകാ പകൽ വീടുകൾ, വയോജന സൗഹൃദ പാർക്കുകൾ എന്നിവ സ്ഥാപിക്കുക.
- സർക്കാർ ഓഫീസുകൾ, പൊതുജനാരോഗ്യകേന്ദ്രങ്ങൾ എന്നിവ വയോജന സൗഹൃദമാക്കുക.
- വയോജന സൗഹൃദമായ ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിക്കുക



# പദ്ധതി പ്രവർത്തനങ്ങൾ

## 1. വയോജന സർവ്വേ



**അങ്കണവാടി അടിസ്ഥാനത്തിൽ വയോജനങ്ങളുടെ സർവ്വേ നടത്തി അവരുടെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ, അവസ്ഥ മനസ്സിലാക്കി കരട് രേഖ തയ്യാറാക്കി**

# പദ്ധതി പ്രവർത്തനങ്ങൾ

## 2. വയോജന സഭ

ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ വാർഡുകൾ കേന്ദ്രീകരിച്ച് വയോജന സഭകൾ വിളിച്ചുചേർത്തു. വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ, ഭാവിയിൽ ഏറ്റെടുത്തുനടത്തേണ്ടുന്ന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ കരട്രേഖ ചർച്ച ചെയ്ത് അന്തിമരേഖ തയ്യാറാക്കി





# പദ്ധതി പ്രവർത്തനങ്ങൾ

## 3. വയോജന ക്ലബ്ബ്

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലെ 45 വാർഡുകളിലും വയോജന ക്ലബ്ബ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഓരോ വാർഡ് തല വോയജന ക്ലബ്ബിലും ശരാശരി 100 അംഗങ്ങൾ ഉണ്ട്. മൊത്തം 4500 അംഗങ്ങൾ വയോജന ക്ലബ്ബിൽ അംഗങ്ങളായുണ്ട്. അംഗനവാടി കേന്ദ്രം ആസ്ഥാനമാക്കി മാസത്തിൽ ഒരു തവണ യോഗം സംഘടിപ്പിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന സൗഹൃദ പരിപാടികൾക്ക് ക്ലബ്ബ് നേതൃത്വം നൽകും. ക്ലബ്ബിന് സ്വതന്ത്രമായി ഒരു ബൈലോയും പ്രവർത്തന പരിപാടിയും ഉണ്ടായിരിക്കും.

**സുകൃതം ബ്ലോക്ക്തല വയോജന ക്ലബ്ബ് സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നു. വയോജന ക്ലബ്ബുകളുടെ മുഴുവൻ പ്രവർത്തന ചുമതലയും ബ്ലോക്ക്തല ക്ലബ്ബിനാണ്.**

# പദ്ധതി പ്രവർത്തനങ്ങൾ

## 4. വയോജന സൗഹൃദ പാർക്ക്

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ അറപ്പുഴയിൽ ചാലിയാറിന്റെ തീരത്തും കടലുണ്ടി ഗ്രാമപഞ്ചായത്തിലെ മണ്ണൂരിലും വയോജന സൗഹൃദ പാർക്കിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. വയോജനങ്ങൾ പൊതു ഇടങ്ങളിൽ ഒത്തുചേരാനാവശ്യമായ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായാണ് വയോജന സൗഹൃദ പാർക്കുകൾ സ്ഥാപിക്കുന്നത്. ഇവിടെ പൊതുജനങ്ങൾക്കും പ്രവേശനം ഉണ്ടായിരിക്കും. ബ്ലോക്ക്, ജില്ലാ പദ്ധതി വിഹിതം ഉപയോഗിച്ചും, കടലുണ്ടി പഞ്ചായത്തിൽ ബ്ലോക്ക് വിഹിതം ഉപയോഗിച്ചുമാണ് പ്രവൃത്തി നടക്കുന്നത്. 22 ലക്ഷം രൂപ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ഉപയോഗിച്ചു





# പദ്ധതി പ്രവർത്തനങ്ങൾ

## 5. മാതൃകാ പകൽ വീടുകൾ

2017 ൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഒളവണ്ണ പഞ്ചായത്തിലെ എം.ജി നഗറിൽ മാതൃകാ പകൽ വീട് പ്രവർത്തനം ആരംഭിച്ചു. ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ടി.വി, വാട്ടർ പ്യൂരിഫയർ, മൈക്ക് സിസ്റ്റം തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഒരുക്കി 25 സ്ഥിരം ഗുണഭോക്താക്കൾക്കും നൂറോളം ഉള്ള വയോജനങ്ങൾക്കും സേവനം നൽകി വരുന്നു. ഒളവണ്ണ പഞ്ചായത്തിലെതന്നെ മാമ്പുഴക്കാട് പകൽ വീടും ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. രണ്ട് പകൽ വീടുകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് രണ്ട് കെയർടേക്കർമാരെ ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. 2017 മുതൽ 6,38,00/- രൂപ ചെലവഴിച്ചു.



# പദ്ധതി പ്രവർത്തനങ്ങൾ

വയോജനങ്ങളുടെ മാനസിക, ശാരീരിക, സാമൂഹിക ഉന്നമനത്തിന് ഉതകുന്ന രീതിയിൽ വ്യത്യസ്തങ്ങളായ വിവിധ പ്രവർത്തനങ്ങൾ മെഡിക്കൽ ക്യാമ്പുകൾ, കൗൺസിലിംഗ് ക്ലാസ്സുകൾ, വിനോദ യാത്രകൾ തുടങ്ങിയവയും വയോജന പകൽവീട് കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നു. 25 ഗുണഭോക്താക്കൾക്ക് ഉച്ചഭക്ഷണവും എഴുപതോളം ഗുണഭോക്താക്കൾക്ക് വൈകുന്നേരം കൂടിച്ചരലുകളിൽ ലഘുഭക്ഷണവും നൽകുന്നു.



# പദ്ധതി പ്രവർത്തനങ്ങൾ

## 6. സഞ്ചരിക്കുന്ന മെഡിക്കൽ ക്യാമ്പുകൾ

**ബ്ലോക്ക് പഞ്ചായത്തിലെ 45 വാർഡുകളിലും 2016-17 പദ്ധതി വർഷത്തിൽ ഡോക്ടർ, നഴ്സ് പ്രാഥമിക ലാബ് പരിശോധനകൾ എന്നിവ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി ഇതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സാമൂഹ്യ സുരക്ഷാമിഷനുമായി കരാറിൽ ഏർപ്പെട്ട് വയോമിത്രം പദ്ധതി നടപ്പിലാക്കുന്നു.**



# പദ്ധതി പ്രവർത്തനങ്ങൾ

## 7. വയോമിത്രം പദ്ധതി

വയോമിത്രം പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെതന്നെ ആദ്യത്തെ ബ്ലോക്ക് പഞ്ചായത്താണ് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്. രണ്ട് പഞ്ചായത്തുകളിലായി 21 ക്യാമ്പുകളിൽ രണ്ടാഴ്ചയിൽ ഒരിക്കൽ എന്ന രീതിയിൽ വയോമിത്രം മെഡിക്കൽ ക്യാമ്പ് നടത്തുന്നു. ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വയോമിത്രം ഓഫീസ് സജ്ജീകരിക്കുകയും എല്ലാ പദ്ധതി വർഷങ്ങളിലും സാമൂഹിക സുരക്ഷാ മിഷന് തുക വകയിരുത്തുകയും ചെയ്യുന്നു. ഓരോ ക്യാമ്പിലും 60 ൽ പരം ആളുകൾ പങ്കെടുക്കന്ന 21 ക്യാമ്പുകളിൽ സൗജന്യ മരുന്ന് പ്രാഥമിക പരിശോധനകൾ എന്നിവ നൽകുന്നു. 26,77,338/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറുകയും നടപ്പുവർഷം 10,00,000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഏകദേശം 30,00,000/- രൂപയുടെ മരുന്നുകൾ വയോജനങ്ങൾക്ക് നൽകിവരുന്നു.

## വയോമിത്രം നടപ്പിലാക്കിയ ആദ്യത്തെ ബ്ലോക്ക് പഞ്ചായത്താണ് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്




കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്
കേരള സാമൂഹ്യ സുരക്ഷാമിഷൻ
വയോമിത്രം
യോജന ആരോഗ്യപരിപാലന പദ്ധതി



# പദ്ധതി പ്രവർത്തനങ്ങൾ

## 8. സുകൃതം വയോജനോത്സവം

2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ നൂതന പദ്ധതിയായി അംഗീകാരം നേടി
നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം വയോജനോത്സവം. സുകൃതം വയോജന
ക്ലബ്ബ് പഞ്ചായത്ത് അടിസ്ഥാനത്തിൽ കലാ കായിക പരിപാടികൾ വയോജനങ്ങൾക്ക
വേണ്ടി സംഘടിപ്പിക്കുന്നു.ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ നടത്തി
വയോജനോത്സവം കൊണ്ടാടുകവഴി വയോജനങ്ങൾ ഇന്നനുഭവിക്കുന്ന ഒറ്റപ്പെടലിന
ആക്കം കുറയ്ക്കുക, അവരെ അംഗീകരിക്കുക, ആദരിക്കുക എന്നിവ ഈ
പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. ഇവരുടെ കഴിവുകൾ സമൂഹത്തിന് മുൻപിൽ
തെളിയിക്കുന്നതിലൂടെ ആത്മവിശ്വാസം വർദ്ധിക്കുകയും പുതുതലമുറ
വയോജനങ്ങളെ ബഹുമാനിക്കുവാനും, സ്നേഹിക്കുവാനും, അംഗീകരിക്കുവാനും
പഠിക്കുന്നു. 50,000/- രൂപയാണ് 2019-20 വാർഷിക പദ്ധതിയിൽ ചെലവ്.




കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്
സുകൃതം





# പദ്ധതി പ്രവർത്തനങ്ങൾ

## 9. മറ്റു പ്രവർത്തനങ്ങൾ

### ഹെൽത്ത്കാർഡ്

ആരോഗ്യ വിവരങ്ങളടങ്ങിയ കാർഡ് നൽകുകയും ഇവ മുൻഗണന കാർഡായി ഉപയോഗിക്കാവുന്ന പൊതുസേവന കേന്ദ്രങ്ങൾ സജ്ജമാക്കുകയും ചെയ്തു.

### വയോജന രേഖ തയ്യാറാക്കലും വയോജന നയ പ്രഖ്യാപനവും

വയോജന സഭയിൽ നിന്നുയർന്നു വന്ന ചർച്ചയുടെകൂടി അടിസ്ഥാനത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വയോജനരേഖ തയ്യാറാക്കുകയും വരും വർഷത്തേക്കുള്ള വയോജന നയം പ്രഖ്യാപിക്കുകയും ചെയ്യും.

### ഹെൽപ്പ് ഡെസ്ക്

വയോജനങ്ങളെ സഹായിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഒരു ഹെൽപ്പ്ഡെസ്ക് പ്രവർത്തനം ആരംഭിച്ചു.



# ഭാവി പരിപാടികൾ

വയോജന ക്ലബ്ബുകളെ കേന്ദ്രീകരിച്ച് വയോജനങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള കായികക്ഷമത കുറഞ്ഞ മൈക്രോ സംരംഭങ്ങൾ തുടങ്ങുക. ഉദാഹരണത്തിന് ചൂൽ നിർമ്മാണം, സി.എഫ്.എൽ നിർമ്മാണം, വിളക്ക് തിരി നിർമ്മാണം. ഇത്തരത്തിലുള്ള ഉത്പന്നങ്ങളുടെ മാർക്കറ്റിങ്ങ് വഴി വരുമാനം ഉറപ്പ് വരുത്തുകയും വയോജനങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വിരസത, ഒറ്റപ്പെടൽ എന്നിവ കുറയ്ക്കുകയും ചെയ്യുകയും ഈ പ്രവർത്തനത്തിന്റെ ലക്ഷ്യമാണ്.



# നേട്ടങ്ങൾ

1. വയോജനങ്ങളിൽ സുരക്ഷിതബോധം വളർത്താൻ കഴിയും.
2. വയോജന സൗഹൃദ അവബോധം പൊതുസമൂഹത്തിൽ സൃഷ്ടിക്കുന്നു.
3. വയോജന സൗഹൃദാന്തരീക്ഷം പൊതു ഇടങ്ങളിലും, കുടുംബങ്ങളിലും യാഥാർഥ്യമാക്കുന്നു.
4. അരോഗ്യ പരിപാലനത്തിന് സൗകര്യം ലഭ്യമാക്കുന്നു. മാനസികമായി കരുത്തുപകരാനും, ഒറ്റപ്പെടൽ, അവഗണന എന്നിവയിൽ നിന്നും രക്ഷപ്പെടാനും സഹായിക്കുന്നു.



# നേട്ടങ്ങൾ

5. വിനോദത്തിനും, സർഗാത്മക പ്രവർത്തനത്തിനും വേദിയൊരുക്കുന്നു.
6. വയോജന വിഭവ പരിപാലനത്തിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുന്നു.
7. ഭക്ഷണം, മരുന്ന് എന്നിവ ലഭ്യമാകാത്ത മുഴുവൻ വയോജനങ്ങൾക്കും അത് ലഭ്യമാക്കാൻ കഴിയും.

*ഒ ം നിങ്ക വഹ്ല*

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കടലുണ്ടി, ഒളവണ്ണ ഗ്രാമപഞ്ചായത്തുകൾ**

**സാമൂഹ്യനീതി വകുപ്പ്**

**സാമൂഹ്യസുരക്ഷാമിഷൻ**

**കുടുംബശ്രീ മിഷൻ**

